"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് - ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്) - ഡോ.സുനിൽ ടി ടി യെ ഐസിഫോസ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ (സി) വകുപ്പ്**

സ.ഉ.(കൈ) നം.21/2023/ITD തീയതി,തിരുവനന്തപുരം, 09-06-2023

---

പരാമർശം:-

1. സ.ഉ (കൈ) നം.5/2020/വിസവ , തീയതി 24/01/2020
2. സ.ഉ (കൈ) നം.27/2022/വിസവ, തീയതി 05/08/2022
3. സ.ഉ കൈ നം.39/2022 വിസവ, തീയതി 07/11/2022
4. സ.ഉ(സാധാ) നം.56/2023 വിസവ, തീയതി 15/03/2023
5. ഐസിഫോസിന്റെ 13/02/2023 ലെ (nil numbered) കത്ത്

**ഉത്തരവ്**

1955 ലെ ട്രാവൻകൂർ കൊച്ചിൻ സയന്റിഫിക് ലിറ്റററി ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രം (ഐസിഫോസ്) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമാണ്.

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഐസിഫോസ് ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഐസിഫോസ് ഡയറക്ടറുടെ നിയമനത്തിനുള്ള മാനദണ്ഡങ്ങളും യോഗ്യതയും നിശ്ചയിക്കുകയും റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിക്കുന്നതിലേക്കായി സ്ക്രൂട്ടിനി കമ്മിറ്റിയും സെലക്ഷൻ കമ്മിറ്റിയുടെ ഘടനയും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ഡയറക്ടർ തസ്തികയുടെ യോഗ്യതയും പ്രായപരിധിയും പരിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐസിഫോസ് ഡയറക്ടർ തസ്തികയിലേക്കുള്ള സെലക്ഷൻ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറി ചെയർമാനായി പരാമർശം (4) ഉത്തരവ് പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

3. നിലവിൽ ഐഐഐടിഎംകെ പ്രൊഫസർ ആയ ഡോ. ടി.കെ മനോജ് കുമാർ, ആണ് ഐസിഫോസ് ഡയറക്ടർ തസ്തികയുടെ അഡീഷണൽ ചാർജ്ജ് വഹിക്കുന്നത്.

4. ഐസിഫോസ് ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 29/11/2022 ന് പരസ്യപ്പെടുത്തുകയും ലഭിച്ച അപേക്ഷകളിൽ നിന്ന് സ്ക്രൂട്ടിനി കമ്മിറ്റി സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതാമാനദണ്ഡങ്ങൾക്കനുസൃതമായി, ഡയറക്ടർ തസ്തികയിലേക്കുള്ള ഇന്റർവ്യൂവിന് യോഗ്യരായ രണ്ട് ഉദ്യോഗാർത്ഥികളടങ്ങുന്ന ചുരുക്കപ്പട്ടിക തയാറാക്കി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു.

5. സെലക്ഷൻ കമ്മിറ്റി 27/03/2023 ന് ഇന്റർവ്യൂ നടത്തുകയും തിരുവനന്തപുരം ജില്ലയിൽ ഐ എച്ച് ആർ ഡി യുടെ കീഴിൽ പ്രവർത്തിക്കുന്ന ആറ്റിങ്ങൽ എഞ്ചിനിയറിംഗ് കോളേജിലെ പ്രൊഫസർ ആയ ഡോ. സുനിൽ.ടി.ടി, യെ ഐസിഫോസ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനത്തിനായി സെലക്ഷൻ കമ്മിറ്റി സർക്കാരിനോട് ശുപാർശയും ചെയ്തിട്ടുണ്ട്. ഡോ.സുനിൽ ടി ടി യ്ക്ക് എതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണമോ നിലവിൽ ഇല്ലെന്ന് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്ത, തിരുവനന്തപുരം ജില്ലയിൽ ഐ എച്ച് ആർ ഡി യുടെ കീഴിൽ പ്രവർത്തിക്കുന്ന ആറ്റിങ്ങൽ എഞ്ചിനിയറിംഗ് കോളേജിലെ പ്രൊഫസർ ആയ ഡോ. സുനിൽ.ടി.ടി, യെ ഐസിഫോസ് (ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ) ഡയറക്ടർ തസ്തികയിൽ അന്യത്ര സേവനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha A.s
സെക്ഷൻ ഓഫീസർ
Date: 09-06-2023 12:14:45

ഡയറക്ടർ, ഐസിഫോസ്, തിരുവനന്തപുരം

രജിസ്ട്രാർ & സെക്രട്ടറി, ഐസിഫോസ്

ഡോ. സുനിൽ.ടി.ടി, പ്രൊഫസർ , എഞ്ചിനീയറിംഗ് കോളേജ്( ഐ എച്ച് ആർ ഡി), ആറ്റിങ്ങൽ, തിരുവനന്തപുരം

പ്രിൻസിപ്പൽ, എഞ്ചിനീയറിംഗ് കോളേജ്( ഐ എച്ച് ആർ ഡി), ആറ്റിങ്ങൽ, തിരുവനന്തപുരം

ഡയറക്ടർ, ഐ എച്ച് ആർ ഡി,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. തീയതി )

ഉന്നതവിദ്യാഭ്യാസ വകുപ്പ്

ധനകാര്യവകുപ്പ്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ

ഃ.ഉ.(കൈ) നം.21/2023/ITD

പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി